©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
**PUBLISHED BY AUTHORITY**

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഒക്ടോബർ 9<br>9th October 2018<br>1194 കന്നി 23<br>23rd Kanni 1194<br>1940 ആശ്വിനം 17<br>17th Aswina 1940 | നമ്പർ<br>No. **40** |

## PART III

# Commissionerate of Land Revenue

(10)

നമ്പർ എ3-7687/2018. 2018 ജൂലൈ 12.

ഇടുക്കി താലൂക്കിൽ കാഞ്ചിയാർ വില്ലേജിൽ കൽതൊട്ടി കരയിൽ കട്ടയ്ക്കൽ വീട്ടിൽ ദേവസ്യ 5-11-2017-ാം തീയതി മരിച്ചുപോയിട്ടുള്ളതാണെന്നും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും കാണിച്ച് ടിയാന്റെ മകൻ സാബു ദേവസ്യ ഈ താലൂക്ക് കച്ചേരി മുമ്പാകെ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ കാഞ്ചിയാർ വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡുകൾ പരിശോധിച്ചതിൽ ടി ദേവസ്യ 5-11-2017-ാം തീയതിയിൽ മരിച്ചുപോയതായും അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | അന്നമ്മ | ഭാര്യ | 65 |
| 2 | സാലി ജോർജ് | മകൾ | 48 |
| 3 | സാബു ജോർജ് | മകൻ | 45 |

(പരേതന്റെ മകനായ സജി അവിവാഹിതനും 18-10-2016-ൽ മരണപ്പെട്ടിട്ടുള്ളതുമാണ്.)

പരേതനായ ദേവസ്യ എന്നയാളുടെ അനന്തരാവകാശികൾ മേൽ വിവരിച്ചവർ മാത്രമാണെന്ന് അറിവായ സാഹചര്യത്തിൽ അപേക്ഷപ്രകാരം അവകാശ സർട്ടിഫിക്കറ്റ് മേൽ വിവരിച്ചവർ പേരിൽ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം കക്ഷികൾ ആയത് ടി പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ഓഫീസിൽ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞതോ രേഖാമൂലം അല്ലാത്തതോ ആയ ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

(11)

നമ്പർ എ3-7533/2018. 2018 ജൂലൈ 12.

ഇടുക്കി താലൂക്കിൽ ഉപ്പുതോട് വില്ലേജിൽ വിമലഗിരി കരയിൽ ഐക്കാട്ടറയിൽ വീട്ടിൽ പത്രോസ് 26-6-2000-ാം തീയതി മരിച്ചുപോയിട്ടുള്ളതാണെന്നും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും കാണിച്ച് ടിയാന്റെ മകൻ ജോൺ ഈ താലൂക്ക് കച്ചേരി മുമ്പാകെ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ ഉപ്പുതോട് വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡുകൾ പരിശോധിച്ചതിൽ ടി പത്രോസ് 26-6-2000-ാം തീയതി മരിച്ചുപോയതായും അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ത്രേസ്യ | ഭാര്യ | 73 |
| 2 | മേരി | മകൾ | 54 |
| 3 | ചാക്കോ | മകൻ | 52 |
| 4 | ജോർജ് | ,, | 50 |
| 5 | ജോൺ | ,, | 48 |
| 6 | മോളി | മകൾ | 46 |
| 7 | ഗ്രേസി | മകൾ | 44 |
| 8 | സിനി | ,, | 42 |
| 9 | പോൾ | മകൻ | 38 |
| 10 | ഷിബി | മകൾ | 36 |
| 11 | ഷിനു | ,, | 30 |
| 12 | ബാബു | മരുമകൻ | 45 |
| 13 | ബ്ലസ്സി | കൊച്ചുമകൾ | 15 |
| 14 | ആൽവിൻ | ,, | 11 |

(മകൾ ഷിജി 6-11-2008-ൽ മരണപ്പെട്ടിട്ടുള്ളതാണ്.)

പരേതനായ പത്രോസ് എന്നയാളുടെ അനന്തരാവകാശികൾ മേൽ വിവരിച്ചവർ മാത്രമാണെന്ന് അറിവായ സാഹചര്യത്തിൽ അപേക്ഷപ്രകാരം അവകാശ സർട്ടിഫിക്കറ്റ് മേൽ വിവരിച്ചവർ പേരിൽ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം കക്ഷികൾ ആയത് ടി പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ഓഫീസിൽ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞതോ രേഖാമൂലം അല്ലാത്തതോ ആയ ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ഇടുക്കി. തഹശീൽദാർ.

## ERNAKULAM DISTRICT

ലേല പരസ്യം

(1)

നമ്പർ എ12-1919/2016 2018 സെപ്റ്റംബർ 23.

കോതമംഗലം താലൂക്ക് നേര്യമംഗലം വില്ലേജ്, സർക്കാർ പുറമ്പോക്കിൽ നിൽക്കുന്നതും അയൽവസ്തു ഉടമയായ പുനത്തിൽ വീട്ടിൽ രാമചന്ദ്രൻ നായർ എന്നയാളുടെ താമസ വീടിനു ഭീഷണിയായി നിൽക്കുന്നതും താഴെ പറയുന്ന അളവുകളോടുകൂടിയതുമായ മരങ്ങൾ 24-10-2018-ാം തീയതി പകൽ 11 മണിക്ക് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നേര്യമംഗലം വില്ലേജാഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ` 1,500 നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറയ്ക്ക് ലേല വസ്തു വിട്ടുതരുന്നതുമാണ്. ലേലത്തുക മുഴുവനായും അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

തടികളുടെ അളവുകൾ

| ക്രമ നമ്പർ | ഇനം | നീളം (മീ) | വണ്ണം (മീ) | തടി അളവ് (ക്യൂബിക് മീറ്ററിൽ) |
|---|---|---|---|---|
| 1 | ചീനി | .. | .. | 8.145 |
| 2 | ചീനി | .. | .. | 6.268 |

(2)

നമ്പർ എ12-5273/2016. 2018 സെപ്റ്റംബർ 23.

കോതമംഗലം താലൂക്ക്, വാരപ്പെട്ടി വില്ലേജ്, സർവ്വെ 262/3-1-ൽ പ്പെട്ട സർക്കാർ പുറമ്പോക്കിൽ നിന്നിരുന്നതും ചുവട് മറിഞ്ഞ് കിടന്നത് സർക്കാർ അധീനതയിൽ എടുത്തതുമായ താഴെ പറയുന്ന അളവുകളോടുകൂടിയതുമായ മരങ്ങൾ 24-10-2018-ാം തീയതി പകൽ 11 മണിക്ക് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ വാരപ്പെട്ടി വില്ലേജാഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ` 1,500 നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറയ്ക്ക് ലേല വസ്തു വിട്ടുതരുന്നതുമാണ്. ലേലത്തുക മുഴുവനായും അപ്പോൾതന്നെ കെട്ടിവയ്ക്കേണ്ടതാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

തടികളുടെ അളവുകൾ

| ക്രമ നമ്പർ | ഇനം | നീളം (മീറ്റർ) | വണ്ണം (മീറ്റർ) | തടി അളവ് (മീറ്ററിൽ) |
|---|---|---|---|---|
| 1 | ആഞ്ഞിലി | 9.50 | 1.50 | 1.3359 |
| 2 | ആഞ്ഞിലി | 3.10 | 0.80 | 0.124 |
| 3 | ആഞ്ഞിലി | 2.30 | 0.50 | 0.0359 |
| 4 | ആഞ്ഞിലി | 4.30 | 0.70 | 0.1310 |

(3)

നമ്പർ എ12-4511/2016. 2018 സെപ്റ്റംബർ 23.

കുന്നത്തുനാട് താലൂക്ക്, മാറാടി വില്ലേജ്, സർവ്വെ 347/1-ൽ പ്പെട്ട പാട്ട വസ്തുവിൽ നിന്നിരുന്നതും താഴെ പറയുന്ന അളവുകളോടുകൂടിയതുമായ പ്ലാവ് മരം 24-10-2018-ാം തീയതി പകൽ 11 മണിക്ക് മാറാടി വില്ലേജാഫീസിൽ വച്ച് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ` 1,500 നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറയ്ക്ക് ലേല വസ്തു വിട്ടുതരുന്നതുമാണ്. ലേലത്തുക മുഴുവനായും അപ്പോൾതന്നെ കെട്ടിവയ്ക്കേണ്ടതാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

തടിയുടെ അളവുകൾ

| ഇനം | GBH | തടി അളവ് (ക്യൂബിക് മീറ്ററിൽ) |
|---|---|---|
| പ്ലാവ് | 235 | 3.143 |

റവന്യൂ ഡിവിഷണൽ ഓഫീസ്, (ഒപ്പ്)
മൂവാറ്റുപുഴ. റവന്യൂ ഡിവിഷണൽ ഓഫീസർ.

## Kochi Taluk

പരസ്യം

(1)

നമ്പർ എച്ച്2-6458/2018. 2018 ജൂലൈ 23.

കൊച്ചി താലൂക്കിൽ എളങ്കുന്നപ്പുഴ വില്ലേജിൽ പാലക്കൽ വീട്ടിൽ ദുമ്മിണി എന്നവർ മരിച്ചുപോയെന്നും ബാങ്കിൽ ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതയുടെ മകളുടെ മകൻ ലിയോ ഒലിവർ പ്ലങ്കറ്റ് സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ദുമ്മിണി എന്നവർ 22-12-1982-ാം തീയതി മരിച്ചുപോയിട്ടുള്ളതായും പരേതയുടെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണ് ഉള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | അൽഫോൺസ എൻഗ്രാറ്റിഡ | ചെറുമകൾ | 65 |
| 2 | ഹെലൻ ഡൊമിനിക് | ,, | 60 |
| 3 | ലിയോ ഒലിവർ പ്ലങ്കറ്റ് | ചെറുമകൻ | 58 |
| 4 | മറിയ വീണ | ചെറുമകൾ | 54 |
| 5 | ഷെറിൻ കാതറിൻ | ,, | 51 |
| 6 | മേരി ലിൻസി | ,, | 49 |

മേൽ വിവരിച്ചവരാണ് അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കൊച്ചി തഹശീൽദാർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എച്ച്2-6237/2018. 2018 ജൂൺ 25.

കൊച്ചി താലൂക്കിൽ എളങ്കുന്നപ്പുഴ വില്ലേജിൽ കൈമകുളങ്ങര വീട്ടിൽ ഭവാനി അപ്പുമേനോൻ എന്നവർ മരിച്ചുപോയെന്നും ബാങ്കിൽ ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതയുടെ മകൾ രാജലക്ഷ്മി സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ഭവാനി അപ്പുമേനോൻ എന്നവർ 27-3-2018-ാം തീയതി മരിച്ചുപോയിട്ടുള്ളതായും പരേതയുടെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | പങ്കജം, പി. എ. | മകൾ | 64 |
| 2 | വേണുഗോപാലൻ, പി. എ. | മകൻ | 63 |
| 3 | രാജലക്ഷ്മി | മകൾ | 58 |
| 4 | വിജയലക്ഷ്മി | ,, | 55 |
| 5 | രവികുമാർ, കെ. എസ്. | മരണപ്പെട്ട മകൻ സുകുമാരന്റെ മകൻ | 39 |
| 6 | രഘുനാഥ്, കെ. എസ്. | ,, ,, | 37 |

മേൽ വിവരിച്ചവരാണ് അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കൊച്ചി തഹശീൽദാർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കൊച്ചി. തഹശീൽദാർ.